സഹകരണ സംഘങ്ങൾവഴി നെല്ല് സംഭരണം

97(2298) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സംഭരണശേഷിയുള്ള സഹകരണ സംഘങ്ങൾക്ക് നെല്ല് നേരിട്ട് സംഭരിക്കുന്നതിനും അരിമില്ലുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏറ്റെടുത്തു നടത്തുന്നതിന് തയ്യാറായി വരുന്ന സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(സി) അത്തരം സഹകരണ സംഘങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും വായ്പയും സാമ്പത്തിക സഹായവും നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണസംഘങ്ങൾക്ക് അരി മില്ലുകൾ സ്ഥാപിക്കുന്നതിനും കൂടാതെ പള്ളിയാക്കൽ സർവ്വീസ് സഹരണ- ബാങ്ക്, കരുമാല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, വേങ്ങൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് നെല്ല് സംഭരണത്തിനും അനുവാദം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പദ്ധതി മുഖേനയും എൻ.സി.ഡി.സി. മുഖേനയും മില്ലുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു.

(സി) സ്വീകരിച്ചിട്ടുണ്ട്.

സഹകരണ ബാങ്കിൽനിന്നും വായ്പ

98(2299) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല സഹകരണ ബാങ്കിൽനിന്നും വായ്പ എടുക്കുകയും തുടർന്ന് വായ്പക്കാരന് മാരകമായ അസുഖം പിടിപെടുക, മരണപ്പെടുക തുടങ്ങിയ സന്ദർഭങ്ങളിൽ ലോൺ തുകയിൽ കുറവ് വരുത്തിയോ, മാനുഷിക പരിഗണന നൽകി വായ്പാ തുക ഒഴിവാക്കുകയോ ചെയ്യുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ആയത് ഏതൊക്കെ സാഹചര്യങ്ങളിലാണെന്നും, നൽകുന്ന സഹായം എന്താണെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൃക്ക സംബന്ധമായ രോഗം, കാൻസർ, ഗുരുതരമായ ഹൃദയ രോഗങ്ങൾ എന്നിവമൂലം വായ്പ തിരിച്ചടവ് മുടങ്ങുന്നവർ മരണപ്പെട്ടാൽ റിസ്ക് ഫണ്ട് പരിധിയിൽ ഇവരെ ഉൾപ്പെടുത്തുവാൻ നിയമം അനുവദിക്കുന്നുവോ ; ഇല്ലായെങ്കിൽ കാര്യം ബോദ്ധ്യപ്പെട്ട് പ്രത്യേക പരിഗണന നൽകുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ത്രിതല സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പ നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളാവുന്നതാണ്. വായ്പയെടുത്തശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ അർഹതയുള്ള ധനസഹായത്തിൽനിന്നും (പരമാവധി 1.50 ലക്ഷം രൂപ) ലഭിച്ച ആനുകൂല്യം കഴിച്ച് ബാക്കി സംഖ്യയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും വിതരണം ചെയ്യുന്ന ഓരോ വായ്പകളിൽനിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സംഘം/ബാങ്ക് വായ്പക്കാരനിൽനിന്ന് ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്.

(ബി) റിസ്ക് ഫണ്ട് പ്രീമിയം ഒടുക്കിയ വായ്പാക്കാരൻ വായ്പയെടുത്തശേഷം മാരകരോഗങ്ങൾ പിടിപെട്ടാൽ റിസ്ക് ഫണ്ട് പരിധിയിൽ വരുന്നതാണ്. ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് മാരക രോഗത്തിന്റെ പട്ടികയിൽ വരുന്നത്. റിസ്ക് ഫണ്ട് പ്രീമിയം ഒടുക്കാത്ത വായ്പക്കാർക്ക് മാരകരോഗം പിടിപെട്ടാൽ റിസ്ക്ഫണ്ട് പദ്ധതിയുടെ പരിധിയിൽ വരികയില്ല. എന്നാൽ റിസ്ക് ഫണ്ട് പ്രീമിയം അടച്ച വായ്പക്കാരന് റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയുടെ ഏതെങ്കിലും വ്യവസ്ഥ പ്രകാരം അർഹത നഷ്ടപ്പെട്ടാൽ പ്രസ്തുത വ്യവസ്ഥയിൽ ഇളവ് അനുവാദം നൽകി വായ്പക്കാരൻ റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് സർക്കാരിന് അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly